12.08.2014

# നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് എക്സാമിനേഷൻ (NMMS പരീക്ഷ) 2014 – 2015

## NMMS പരീക്ഷയ്ക്ക് അപേക്ഷിക്കുവാനുള്ള യോഗ്യതകൾ

കേരളത്തിലെ ഏതെങ്കിലും ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 2014 – 15 അധ്യയനവർഷം **എട്ടാം ക്ലാസിൽ** കേരള സ്റ്റേറ്റ് സിലബസിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് മാത്രമെ NMMS സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

2013 – 2014 അധ്യയന വർഷത്തിൽ 7-ാം സ്റ്റാൻഡേർഡിലെ വർഷാവസാന പരീക്ഷയിൽ 55% മാർക്കിൽ കുറയാതെ നേടിയിട്ടുള്ളവരും രക്ഷകർത്താക്കളുടെ **പ്രതിവർഷ വരുമാനം 1,50,000/- ൽ** കൂടാത്തവരുമായ വിദ്യാർഥികൾക്ക് സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്.

രക്ഷിതാക്കളുടെ വാർഷിക വരുമാനം 1,50,000/- രൂപയിൽ കുറവായിരിക്കണം. ഇത് തെളിയിക്കുന്നതിന് അതാത് വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ് Online-ൽ അപേക്ഷിച്ച ശേഷം എസ്.സി.ഇ.ആർ.ടി. ഓഫീസിലേക്ക് അയക്കേണ്ടതാണ്.

### അപേക്ഷിക്കേണ്ട രീതി

NMMS പരീക്ഷയ്ക്ക് **ഓൺലൈൻ വഴിയാണ് അപേക്ഷകൾ** അയക്കേണ്ടത്. ആഗസ്റ്റ് മാസം അവസാന ആഴ്ച മുതൽ **സെപ്തംബർ 22-ാം തീയതിവരെ** ഓൺലൈൻ അപേക്ഷകൾ അയയ്ക്കാവുന്നതാണ്.

വിദ്യാർഥികൾ ഓൺലൈൻ അപേക്ഷയിൽ അവരുടെ EID അല്ലെങ്കിൽ UID (ആധാർ നമ്പർ) രേഖപ്പെടുത്തേണ്ടതാണ്.

### പരീക്ഷാ നടപടിക്രമം

90 മിനിട്ട് വീതമുള്ള രണ്ട് പാർട്ടുകളായിട്ടാണ് ടെസ്റ്റ് നടത്തുന്നത്. അതിൽ **ഒന്നാം പാർട്ടിൽ** Scholastic Aptitude Test (SAT) ഭാഷേതര വിഷയങ്ങളായ സാമൂഹ്യശാസ്ത്രം, അടിസ്ഥാന ശാസ്ത്രം, ഗണിതം എന്നിവയിൽ നിന്ന് **90 വസ്തുനിഷ്ഠ** ചോദ്യങ്ങൾ ഉണ്ടായിരിക്കും.

**രണ്ടാം പാർട്ടിൽ** Mental Ability Test (MAT) മനോനൈപുണി പരിശോധിക്കുന്ന 90 വസ്തുനിഷ്ഠ ചോദ്യങ്ങളും ഉണ്ടായിരിക്കും.

രണ്ട് പാർട്ടിലേയും ഓരോ ചോദ്യത്തിനും ഓരോ മാർക്ക് വീതമാണ് നൽകുന്നത്.

**ഒന്നാം പാർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളവ**

ഈ അധ്യയന വർഷത്തിൽ കേരള സിലബസ് അനുസരിച്ചുള്ള എട്ടാം സ്റ്റാൻഡേർഡിലെ പാഠ ഭാഗങ്ങൾ. താഴ്ന്ന ക്ലാസുകളിൽ പഠിച്ചിട്ടുള്ളതും പ്രസ്തുത വിഷയം മനസ്സിലാക്കുന്നതിന് ഒഴിവാക്കാൻ കഴിയാത്തതുമായ ഭാഗങ്ങൾ.

പരീക്ഷാർഥികൾ ഒന്നാം പാർട്ടിലെ ഉത്തരങ്ങൾ ആദ്യം എഴുതേണ്ടതാണ്. ഒരു മണിക്കൂർ ഇട വേളക്ക് ശേഷം രണ്ടാം പാർട്ടിലെ ഉത്തരം എഴുതണം.

ഏത് ഭാഷയിലുള്ള ചോദ്യപേപ്പറാണ് വേണ്ടതെന്ന് ഓൺലൈൻ അപേക്ഷയിൽ രേഖപ്പെടുത്തണം. ഇംഗ്ലീഷ്, മലയാളം, തമിഴ്, കന്നട ഇവയിൽ ഏതും തെരഞ്ഞെടുക്കാം.

**പരീക്ഷാ തീയതി: 02.11.2014.**

(i) Part I: SAT I

| | |
|---|---|
| 9 am to 10.30 am | എല്ലാ പരീക്ഷാർഥികൾക്കും |
| 9 am to 11 am | ശാരീരിക വൈകല്യം ഉള്ളവർക്കും |

(ii) Part II: MAT

| | |
|---|---|
| 11.30 am to 01.00 pm | എല്ലാ പരീക്ഷാർഥികൾക്കും |
| 11.30 am to 01.30 pm | ശാരീരിക വൈകല്യം ഉള്ളവർക്കും |